VII. സെക്രട്ടറി: സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

നിയമസഭ പാസ്സാക്കിയ ഗവർണ്ണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ബിൽ: കേരള ജനറൽ സെയിൽ ടാക്സ് (അമെന്റ് മെന്റ്)ബിൽ, 2005 (2005-ലെ 40-ാം ആക്റ്റ്).

VI. റിപ്പോർട്ട് സമർപ്പണം

മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ 10-ാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ്: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതിയുടെ 10-ാ മത് റിപ്പോർട്ട് സർപ്പിക്കുന്നു.

VII. ധനകാര്യം

2006-07 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച (തുടർച്ച)

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി]

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ഈ ബജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു ക്ഷേമസമൂഹം കെട്ടിപ്പടുക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ഭാവനാസമ്പന്നമായ ഒരു ബജറ്റാണ് ഇത്. ബജറ്റിനെ എതിർക്കുക എന്നുള്ളത് പ്രതിപക്ഷത്തിന്റെ കടമയാണെന്നുള്ളതൊഴിച്ചാൽ ഈ ബജറ്റിനെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും സ്വാഗതം ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോഴുള്ള കേരളത്തിന്റെ സാഹചര്യം എന്തായിരുന്നുവെന്ന് നമുക്കറിയാം. യു.ഡി.എഫ്. ഗവണ്മെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ 4020 കോടി രൂപ ഉടനെതന്നെ തീർക്കാനുള്ള കടബാദ്ധ്യതയായിരുന്നു. കെ.എസ്.ആർ.ടി.സി. ബസുകളെല്ലാം കട്ടപ്പുറത്തായിരുന്നു. ആശുപത്രികളിൽ മരുന്നില്ല. മുറിവിൽ വച്ചുകെട്ടാൻ പഞ്ഞിയും തുണിയും പോലുമില്ലാത്ത സാഹചര്യം. അതുപോലെതന്നെ കുട്ടികൾക്ക് ഉച്ചക്കഞ്ഞിയില്ല. കറന്റ് കട്ടും ലോഡ് ഷെഡിംഗുംകൊണ്ട് തകർന്ന സമ്പദ്വ്യവസ്ഥ. സർക്കാരിന്റെ വണ്ടിചെക്കുകളുംകൊണ്ട് ഓടിനടക്കുന്നവർ ഒരു വശത്ത്. പെൻഷൻകാർക്ക് കുടിശ്ശിക കിട്ടുമോ കമ്മ്യൂട്ടേഷൻപോലും അനുവദിക്കുമോ എന്ന് സംശയമുള്ള ഒരു കാലഘട്ടം. ട്രഷറികൾ നിരന്തരം അടച്ചിടുന്നു. ഗവണ്മെന്റ് കോൺട്രാക്ടർമാർ പണം കിട്ടാതെ കോൺട്രാക്ടുകൾ ബഹിഷ്ക്കരിക്കുന്നു. പ്ലസ് ടു അദ്ധ്യാപകർക്ക് വർഷങ്ങളായി ശമ്പളം കിട്ടാനുള്ള ഒരു കാലഘട്ടമായിരുന്നു. സംസ്ഥാനത്തെ റോഡുകളെല്ലാം തകർന്ന് സഞ്ചാരയോഗ്യമല്ലാത്ത ഒരു കാലഘട്ടം.

LIBRARY ARCHIVES Kerala Legislative Assembly